(ഇ) തിരുവനന്തപുരം ജില്ലയിൽ 2 ലക്ഷത്തിലധികം രൂപ സാമ്പത്തിക സഹായം ലഭിച്ച സ്ഥാപനങ്ങളുടെയും സംഘങ്ങളുടേയും വിവരങ്ങൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പിൽനിന്നും കമ്പ്യൂട്ടർ പരിശീലനത്തിനായി സംഘടനകൾക്കോ സ്ഥാപനങ്ങൾക്കോ കഴിഞ്ഞ 4 വർഷത്തിനിടയിൽ ധനസഹായം നൽകിയിട്ടില്ല.

(ബി),(സി),(ഡി),(ഇ) ഉദിക്കുന്നില്ല.

സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ

25 [2062] ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ (എസ്.പി.എം.യു.) പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഫീസിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത ഓഫീസിൽ നടന്നുവരുന്ന കോടിക്കണക്കിന് രൂപയുടെ ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതവസാനിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലോകബാങ്ക് സഹായ മൂന്നാംഘട്ട ഐ.സി.ഡി.എസ്. പദ്ധതിക്ക് കേന്ദ്ര സർക്കാർ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിൽ സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് 1999 വർഷത്തിൽ സംസ്ഥാനത്ത് ആരംഭിച്ചു. ഐ.സി.ഡി.എസ്. പദ്ധതിയുടെ സേവനങ്ങൾ ശാക്തീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും വേണ്ടി 13 ജില്ലകളിലെ 80 പ്രോജക്ടുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൽ 36 തീരദേശ പ്രോജക്ടുകളും ഒരു ഗിരിവർഗ്ഗ പ്രോജക്ടും ശാക്തീകരിക്കുന്നതിനോടൊപ്പം 43 പുതിയ പ്രോജക്ടുകൾ കൂടി ആരംഭിച്ച് സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും ഐ.സി.ഡി.എസ്. പദ്ധതിയുടെ സേവനം ലഭ്യമാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് മൂന്നാംഘട്ട ഐ.സി.ഡി.എസ്. പദ്ധതി. പ്രസ്തുത പദ്ധതിയുടെ ഏകോപനവും, നിരീക്ഷണവും മൂല്യനിർണ്ണയവുമാണ് സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ (എസ്.പി.എം.യു.) പ്രധാന പ്രവർത്തനങ്ങൾ.

(ബി) വിലയിരുത്തുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly